**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 986** **09-10-2024 - ൽ മറുപടിയ്ക്ക്**

**മംഗലം ഡാമിലെ ചെളിനീക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാമിലെ ചെളിനീക്കൽ പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കവേ ഇടക്കു വച്ച് നിറുത്തിവെയ്ക്കാനുണ്ടായ കാരണം എന്തെന്ന് വിശദമാക്കാമോ ; | (എ) | മംഗലം ഡാമിലെ ചെളി നീക്കൽ പ്രവൃത്തിയ്ക്കായി ധർത്തി ഡ്രഡ്ജിംങ്ങ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡുമായി 09/10/2020 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്റ്റ് സർക്കിൾ, പാലക്കാട് കരാറിൽ ഏർപ്പെടുകയും 19/10/2020 ന് കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തു. തുടർന്ന് പ്രാഥമിക ഒരുക്കങ്ങൾക്ക് ശേഷം 17/12/2020-ന് ഡ്രഡ്ജിംങ്ങ് ആരംഭിച്ചു. പിന്നീട് ഏപ്രിൽ 2022 വരെ പ്രവൃത്തി പുരോഗമിക്കുകയും സെഡിമെന്റ്സ് വിൽപന നടത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി പുരോഗതി കരാർ പ്രകാരം കൈവരിക്കാൻ സാധിക്കാതിരുന്നതും സർക്കാരിലേക്ക് ഒടുക്കേണ്ട തുകയിൽ വീഴ്ച വന്നതും കമ്പനി പാപ്പരായി പ്രഖ്യാപിക്കപ്പെട്ടതും മൂലം 30/05/2022-ന് ചേർന്ന 12-ാമത് Empowerd Committee ടി കരാർ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും തുടർന്ന് പ്രവൃത്തി നിർത്തിവെയ്ക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എന്തെങ്കിലും കേസുകൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ ; | (ബി) | കരാർ ഏറ്റെടുത്ത ധർത്തി ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് പ്രവൃത്തി നടത്തിയതിലുള്ള മോശം പ്രകടനവും സർക്കാരിലേക്ക് ഒടുക്കേണ്ട തവണകൾ കൃത്യമായി ഒടുക്കാതിരുന്നതും കമ്പനി പാപ്പരായി കണക്കിലെടുത്ത് 30/5/2022 ന് ചേർന്ന 12-ാമത് Empowerd Committee പ്രസ്തുത കരാർ കമ്പനിയുമായി ഉണ്ടാക്കിയ ഉടമ്പടി RISK & COST ൽ ടെർമിനേറ്റ് ചെയ്യുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ച വരവെ ഇതിനെതിരെ കമ്പനി 2/7/2022 ന് National Company Law Tribunal, Hyderabad-ൽ കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് കരാർ കമ്പനിക്കെതിരെയുള്ള നടപടികൾ താത്കാലികമായി സ്റ്റേ ചെയ്തുകൊണ്ട് 15/7/2022-ന് കോടതി ഇടക്കാല ഉത്തരവ് ഇറക്കുകയും പിന്നീട് 11/08/2023 ന് ഇടക്കാല ഉത്തരവ് അന്തിമമാക്കുകയും ചെയ്തു. ഇതിനെതിരെ |

| | | | |
|---|---|---|---|
| | | | National Company Law Appellate Tribuanl Cehnnai-ൽ സർക്കാർ CA (AT) (Ins) 248/2024 നമ്പർ പ്രകാരം അപ്പീൽ ഫയൽ ചെയ്തിരുന്നു. ഇതു പ്രകാരമുള്ള അടുത്ത ഹിയറിംഗ് തീയതി 21/10/2024 നാണ്. ഇതിനിടയിൽ പ്രസ്തുത കമ്പനി പ്രവൃത്തി കരാർ പുതുക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് National Company Law Tribunal, Hyderabad-ൽ വീണ്ടും IA No.435/24 in CP (B) No. 3297/HBD/2020 പ്രകാരം കേസ് ഫയൽ ചെയ്യുകയും 09/10/2024 ന് അടുത്ത ഹിയറിംഗ് തീരുമാനിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി തർക്കങ്ങൾ പരിഹരിച്ച് ഉടൻ തന്നെ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ? | (സി) | പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സിൽറ്റിന്റെ അളവ് കണക്കാക്കുന്നതിന് ബാത്തിമെടിക് സർവ്വേ നടത്തുന്നതിനു വേണ്ടി KERI പീച്ചിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ